# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *105 13.12.2012-ൽ മറുപടിയ്ക്ക്

## റോഡ് വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.പി.വിൻസെന്റ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന റോഡ് വികസന പദ്ധതി യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) റോഡുകൾ ശാസ്ത്രീയമായി പുനർ നിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, റോഡുകൾ വെട്ടിമുറിക്കുന്നത് ഒഴിവാക്കുന്നതിനായി ഇടവിട്ട് ക്രോസ് ഡക്റ്റുകൾ സ്ഥാപിക്കുക, കാൽനട യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി മെച്ചപ്പെട്ട നടപ്പാതകളും ബാരി ക്കേഡുകളും നിർമ്മിക്കുക, അടയാള ബോർഡുകളും ട്രാഫിക് സിഗ്നലുകളും, തെരുവ് വിളക്കുകളും സ്ഥാപിക്കുക തുടങ്ങിയവയാണ് സംസ്ഥാന റോഡ് വികസന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ |
| (ബി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര കിലോമീറ്റർ റോഡാണ് ആധുനിക നിലവാരത്തിൽ നിർമ്മിക്കുന്നത് ; | (ബി) സംസ്ഥാന റോഡ് വികസന പദ്ധതി യിൽ തെരഞ്ഞെടുക്കപ്പെട്ട 1204 കി.മീ റോഡുകളാണ് ആധുനിക നിലവാര ത്തിൽ നിർമ്മിക്കുന്നത്. |
| (സി) ഇതിന് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; | (സി) 4684/-കോടി രൂപയാണ് പദ്ധതിയുടെ മതിപ്പ് ചെലവായി പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിക്കായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; | (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 'റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് ' എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| (ഇ) | പദ്ധതി നടപ്പാക്കാനുള്ള റോഡുകൾ തെരഞ്ഞെടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ? | (ഇ) | ഉണ്ട്. ബാംഗ്ലൂർ ആസ്ഥാനമായുള്ള വിൽബർ സ്മിത്ത് അസോസിയേറ്റ്സ് എന്ന കൺസൾട്ടന്റ് നടത്തിയ ശാസ്ത്രീയ പഠനത്തിലൂടെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി റോഡുകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്<br>റോഡുകളിലെ ഗതാഗതബാഹുല്യം, ദേശീയപാതയും മറ്റ് പ്രധാന റോഡുമായുള്ള ബന്ധം, റോഡുകൾ കടന്നുപോകുന്ന പ്രദേശങ്ങളുടെ കാർഷിക, വ്യാവസായിക, വിനോദസഞ്ചാര പ്രാധാന്യം മുതലായ മാനദണ്ഡങ്ങൾ ആസ്പദമാക്കിയാണ് റോഡുകൾ തെരഞ്ഞെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ